## മുഹർറം ഒമ്പതും പതിനൊന്നും

ആശൂറാഇനോടൊപ്പം മുഹർറം ഒമ്പതിനും പതിനൊന്നിനും നോമ്പെടുക്കൽ സുന്നത്താണ്. പത്തിന് ജൂതന്മാരും നോമ്പനുഷ്ഠിക്കുന്നു്. ആയതിനാൽ, അവരുമായി വ്യത്യാസപ്പെടുന്നതിനു വേി ഒമ്പതിനു നോമ്പെടുക്കാൻ നബി(സ്വ) കൽപിച്ചതായി ഇമാം ബൈഹഖി(റ) നിവേദനം ചെയ്യുന്നു. ഒമ്പതിനും പതിനൊന്നിനും നോമ്പ് നിർദ്ദേശിച്ചതായി ഇമാം അഹ്മദും(റ) റിപ്പോർട്ട് ചെയ്തിട്ടു് (ഇർശാദ്:75, ഇആനത്ത്:2/266). ജൂതരോടുള്ള നിസ്സഹകരണമാണല്ലോ ഒമ്പതിന് നോമ്പെടുക്കുന്നതിന്റെ രഹസ്യം. അതിനാൽ മുഹർറം പതിനൊന്നിനും നോമ്പ് സുന്നത്തുണ്ട ്(ഫത്ഹുൽ മുഈൻ:203, ഖൽയൂബീ:2/173, തുഹ ഫ: & ശർവാനീ:3/456).

ആശൂറാഅ് നോമ്പിനു വിവിധ പദവികളുന്ടെ് പണ്ഢിതലോകം വിവരിക്കുന്നു. മുഹർറം 9, 10, 11 എ ന്നീ മൂന്നു ദിവസങ്ങളും നോൽക്കലാണ് ഒന്നാം പദവി. ഒമ്പതും പത്തും മാത്രം നോൽക്കൽ രാമതും പത്തുമാത്രം നോൽക്കൽ മൂന്നാമതും നിൽക്കുന്നു (ഫിഖ്ഹുസ്സുന്ന:1/518). ഒമ്പതിന് നോമ്പനുഷ്ഠിക്കാത്തവർക്കും അനുഷ്ഠിച്ചവർക്കും പത്തിനോടൊപ്പം പതിനൊന്നിന് നോമ്പെടുക്കൽ സുന്നത്താണ് (തുഹ്ഫ: & ശർവാനീ:3/456, നിഹായ:3/201, ഫത്ഹുൽ മുഈൻ:203, ശർഹു ബാഫള്ൽ:2/199). പത്തിനോടൊപ്പം ഒമ്പതോ പതിനൊന്നോ, ഏതെങ്കിലും ഒന്നുമാത്രം അനുഷ്ഠിക്കുന്നവർക്ക് ഒമ്പതാണുത്തമം. കാരണം: ജൂ തരോട് എതിരാകാൻ വേിയുള്ള ആശൂറാഇന്റെ അനുബന്ധമെന്നതിനു പുറമെ, മുഹർറം മാസത്തിലെ ആദ്യത്തെ പത്ത് ദിവസങ്ങൾക്കുള്ള പ്രത്യേക ശ്രേഷ്ഠതയിലും ഒമ്പത് ഉൾപ്പെടുന്നു്. പതിനൊന്നിന് ഈ ശ്രേഷ്ഠതയില്ലല്ലോ. തുഹ്ഫ: & ശർവാനീ:3/455,456, ഫത്ഹുൽ മുഈൻ:203, 204, ശർഹു ബാഫള്ൽ & കുർദീ:2/199 മുതലായവ വിലയിരുത്തിയാൽ ഇത് ബോധ്യപ്പെടും.

ഒമ്പതും പതിനൊന്നുമില്ലാതെ പത്തിനു മാത്രം നോമ്പനുഷ്ഠിച്ചാൽ യാതൊരു കറാഹത്തുമില്ല (ശർവാനി & ഇബ്നുഖാസിം:3/455, നിഹായ:3/202, ഫത്ഹുൽ മുഈൻ:203, ശർഹുബാ ഫള്ൽ:2/199).

മുഹർറം ഒന്നുമുതൽ പത്തുവരെ നോമ്പെടുക്കൽ പൊതുവെ സുന്നത്തായതിനു പുറമെ എട്ടിനു നോമ്പെടുക്കൽ പ്രത്യേകം പുണ്യമാണെന്ന് ഖൽയൂബീ 2/73ൽ പറയുന്നു. സൂ ക്ഷ്മതയാണിതിനു നിദാനം. മാസപ്പിറവി നിർണയത്തിലോ മറ്റോ അറിയാതെ സംഭവിച്ചേക്കാവുന്ന പിഴവും നമ്മുടെ ധാരണപ്പിശകും മൂലം ദിവസവ്യത്യാസത്തിന് വിദൂര സാധ്യതയെങ്കിലുമുല്ലോ. ഇവിടെ സൂക്ഷ്മത പാലിക്കാനാണ് എട്ടിന്റെ നോമ്പ് നിർ ദ്ദേശിക്കുന്നത്.

END